**കുടുംബശ്രീ വെബ്സൈറ്റ് അപ്ഡേഷൻ സംബന്ധിച്ച് എക്സിക്യൂട്ടീവ് ഡയറക്ടറുടെ നേതൃത്വത്തിൽ 30.06.18-ന് രാവിലെ 11 മണിക്ക് എക്സിക്യൂട്ടീവ് ഡയറക്ടറുടെ ചേംബറിൽ വച്ച് നടന്ന യോഗത്തിന്റെ മിനിട്സ്.**

യോഗത്തിൽ വെബ് അഡ്മിനിസ്ട്രേറ്റർ ശ്രീബാൽ ബി.എസ്, കുടുംബശ്രീ സംസ്ഥാന മിഷൻ വെബ്സൈററ് അപ്ഡേഷന് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

വെബ്സൈറ്റ് അപ്ഡേഷൻ ടീമിന്റെ ചുമതലകൾ സംബന്ധിച്ച് ബഹു.എക്സിക്യൂട്ടീവ് ഡയറക്ടർ ടീം അംഗങ്ങളുമായി ചർച്ച ചെയ്തു. വെബ്സൈറ്റ് അപ്ഡേഷന്റെ ഇതുവരെയുള്ള പ്രവർത്തന പുരോഗതി വിലയിരുത്തുകയും വെബ്സൈറ്റ് അപ്ഡേഷൻ മെച്ചപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു. ഓരോ മേഖലയിലെയും വാർത്തകൾ ഫോട്ടോ ഉൾപ്പെടെ പി.ആർ.ഒ/പി.ആർ ടീമിന് നൽകണമെന്നും ബഹു.എക്സിക്യൂട്ടീവ് ഡയറക്ടർ നിർദ്ദേശിച്ചു.

കുടുംബശ്രീ ജില്ലാമിഷനുകളിലെ വെബ്സൈറ്റ് മോണിറ്ററിംഗ് ടീമിന്റെയും ഓരോ ജില്ലാമിഷന്റെയും ചുമതലയുള്ള സംസ്ഥാന മിഷൻ ഉദ്യോഗസ്ഥരുടെയും ലിസ്റ്റ് ബഹു.എക്സിക്യൂട്ടീവ് ഡയറക്ടർ അംഗീകരിച്ചു. ജില്ലാമിഷനുകളിലെ വെബ്സൈറ്റ് അപ്ഡേഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനപുരോഗതിയുടെ അവലോകനം 20.07.2018-ന് വൈകുന്നേരം 4 മണിക്ക് നടത്തുമെന്നും ബഹു.എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസർ നൽകിയ വാർത്താപ്രാധാന്യമുള്ള വിഷയങ്ങളിൽ ഒരു മാസത്തിനകം പദ്ധതി വിശദീകരണം തയ്യാറാക്കി പബ്ലിക് റിലേഷൻസ് ഓഫീസർക്ക് നൽകുന്നതിന് വെബ്സൈറ്റ് അപ്ഡേഷൻ ടീമിനെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

യോഗം രാവിലെ 11.30-ന് അവസാനിച്ചു.

(ഒപ്പ്)
**എക്സിക്യൂട്ടീവ് ഡയറക്ടർ**
**കുടുംബശ്രീ**

**അംഗീകാരത്തോടെ,**

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**